പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

25.09. 2020

# ആലുവയിൽ ആറു വയസ്സുകാരിയെ പീഡിപ്പിച്ച കേസന്വേഷണം ക്രൈം ബ്രാഞ്ചിന്

ആലുവയിൽ ആറു വയസ്സുകാരിയെ ശാരീരികമായി ഉപദ്രവിച്ച കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് പൊലീസിന് കൈമാറി ഹൈക്കോടതി ഉത്തരവിട്ടു. നിലവിൽ കേസന്വേഷിക്കുന്ന എടത്തല പൊലീസിൽ നിന്ന് ജില്ല ക്രൈം ബ്രാഞ്ച് പൊലീസിന് അന്വേഷണം കൈമാറാൻ ആലുവ റൂറൽ പൊലീസ് സൂപ്രണ്ട് നടപടി സ്വീകരിക്കണം. കേസന്വേഷണം തൃപ്തികരമല്ലെന്ന മാതാപിതാക്കളുടെ പരാതിയിന്മേൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറപ്പെടുവിച്ച ശുപാർശ ശരി വച്ചുകൊണ്ടാണ് ഹൈക്കോടതിയുടെ ഉത്തരവ്.

എറണാകുളം ജില്ല ക്രൈം ബ്രാഞ്ചിലെയോ ക്രൈം ഡിറ്റാച്ച്മെന്റിലെയോ ഇൻസ്പെക്ടറിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥൻ കേസന്വേഷിക്കണം. ആറു മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കോടതി നിർദേശിച്ചു. ജസ്റ്റിസ് അലക്സാണ്ടർ തോമസാണ് കേസിൽ വിധി പ്രസ്താവിച്ചത്.

കേസന്വേഷണം എടത്തല പൊലീസ് സ്റ്റേഷനിൽ നിന്ന് ഡിവൈഎസ്പി ഓഫീസിലെ എസ്.ഐക്ക് നൽകിയെങ്കിലും കുട്ടിയിൽ നിന്ന് മൊഴി എടുക്കുകയോ കേസിൽ തുടർനടപടി സ്വീകരിക്കുകയോ ചെയ്തില്ലെന്നായിരുന്നു പരാതിക്കാരുടെ വാദം കണക്കിലെടുത്താണ് കേസ് ക്രൈം ബ്രാഞ്ച് അന്വേഷിക്കണമെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടത്. കുട്ടിയുടെ അച്ഛന്റെ സഹോദരിയായ പ്രതി സ്വകാര്യഭാഗങ്ങളിൽ വിരൽ കൊണ്ട് കുത്തിയതായാണ് പരാതി. നേരത്തെ കുട്ടിയെ മദ്യം കുടിപ്പിക്കുകയും കുളിമുറിയിലെ ബക്കറ്റിലെ വെള്ളത്തിൽ മുക്കി ശ്വാസം മുട്ടിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തെന്നും കമ്മീഷനിൽ ലഭിച്ച പരാതിയിൽ ആരോപിച്ചു. കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ, അംഗം കെ. നസീർ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബഞ്ചിന്റേതായിരുന്നു ഉത്തരവ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

(WPC No. 16077/2020/Kerala HC, 16.09.2020)